MY LORD, MY GOD

# Bulletin

DIOCESE OF IRINJALAKUDA

APRIL 2016

Vol.: 3 Issue : 4

P.B. No. 59, Irinjalakuda - 680121
Phone : 2826830, 2826820
Website : www.irinjalakudadiocese.com
E-mail : ijkbph@gmail.com

## ഉള്ളടക്കം


| | | |
|---|---|---|
| 1 | ഇടയശബ്ദം | 04 |
| 2 | കച്ചേരിക്കാര്യങ്ങൾ | 07 |
| 3 | മെയ്ദിനസന്ദേശം | 11 |
| 4 | സർക്കുലർ | 18 |
| 5 | വൈദികരുടെ വാർഷികധ്യാനം | 22 |
| 6 | പാക്സ് | 26 |
| 7 | സഭാവാർത്തകൾ | 27 |
| 8 | അൾത്താരസംഘം | 29 |
| 9 | ബ്ലസ് എ ഹോം | 30 |
| 10 | പാസ്റ്ററൽ കൗൺസിൽ | 33 |
| 11 | വൊക്കേഷൻ ബ്യൂറോ | 37 |
| 12 | മതബോധനം | 38 |
| 13 | സോഷ്യൽ ആക്ഷൻ | 40 |
| 14 | അവാർഡ് | 42 |
| 15 | ബി.എൽ.എം. | 44 |
| 16 | നവചൈതന്യ | 44 |
| 17 | സെന്റ് പോൾസ് മൈനർ സെമിനാരി | 45 |
| 18 | സാൻജോസദൻ | 46 |
| 19 | കരിസ്മാറ്റിക് മൂവ്മെന്റ് | 46 |
| 20 | സ്പിരിച്ചാലിറ്റി സെന്റർ | 47 |
| 21 | ഇടയന്റെ നാളെകൾ | 48 |
| 22 | ഇടയന്റെ ഇന്നലെകൾ | 50 |

# ഇടയശബ്ദം



## നമുക്കും കരുണയുള്ളവരാകാം

കരുണയുടെ പ്രത്യേക ജൂബിലി വർഷത്തിലെ കർമ്മപരിപാടികൾക്ക് നാം തുടക്കം കുറിച്ച് മാർച്ച് 21 ന് ഔദ്യോഗിക ഉദ്ഘാടന കർമ്മം നടത്തി. 2017 മാർച്ച് 31 വരെ നീണ്ടു നിൽക്കുന്ന ആചരണമാണ് നാം കാരുണ്യവർഷത്തിലെ കർമ്മപരിപാടികളിൽ രൂപം നല്കിയിരിക്കുന്നത്. നമ്മുടെ രൂപതയുടെ റൂബി ജൂബിലിക്ക് ഒരുക്കവും കൂടിയാണിത്. 2011 കുടുംബക്കൂട്ടായ്മ വർഷമായും 2012 യുവജന വർഷമായും 2013 ലഹരിവിമുക്തവർഷമായും 2014 ദമ്പതിവർഷമായും 2015 സമർപ്പിതവർഷമായും നാം ആചരിച്ചു. ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് 2016 കരുണയുടെ വർഷം ആചരിക്കുമ്പോൾ നമുക്ക് കൂടുതൽ മനുഷ്യത്വമുള്ളവരാകാം. ഫ്രാൻസിസ് മാർപാപ്പ 2015 ഏപ്രിൽ 11 ന് എഴുതിയ അപ്പസ്തോലിക രേഖയിൽ കരുണയുടെ വർഷത്തിന്റെ ലക്ഷ്യം വ്യക്തമാക്കുന്നുണ്ട്. "ഈശോയുടെ കരുണയുടെ മുഖം വാക്കുകളിലും പ്രവൃത്തികളിലും സഭയും സഭാതനയരും കൂടുതൽ ആധികാരികമായി പ്രാവർത്തികമാക്കണം".

"Let the Church always be a place of Mercy and Hope where everyone is welcomed, loved and forgiven".

"കരുണയുടെ സൂനഹദോസ്" എന്ന് ചരിത്രം വിലയിരുത്തിയ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപനത്തിന്റെ സുവർണ്ണ ജൂബിലിയുടെ പശ്ചാത്തലത്തിലാണ് പരിശുദ്ധ പിതാവ് കരുണയുടെ ജൂബിലി വർഷം പ്രഖ്യാപിച്ചിരിക്കുന്നത്. ഈ കൗൺസിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് വിശുദ്ധനായ ജോൺ ഇരുപത്തി മൂന്നാമൻ മാർപാപ്പ പറഞ്ഞ വാക്കുകൾ പ്രസക്തമാണ്. "സഭ അധികാരത്തിന്റെയും ബ്യൂറോക്രസിയുടേയും നൈയാമികതയുടെയും ഉപകരണങ്ങൾ ഉപേക്ഷിച്ച് ജനങ്ങളുടെ നടുവിലേക്ക് യാത്ര ചെയ്യണം. സഭയുടെ മാതൃത്വം ജനങ്ങൾ അനുഭവിക്കട്ടെ. അകൽച്ചയുടെ കോട്ടകൾ തകർത്ത് അടുപ്പത്തിന്റെ പാലങ്ങൾ പണിയുവാൻ ഈ സൂനഹദോസ്

കാരണമാകണം. സഭയുടെ ആയുധങ്ങൾ സ്നേഹവും അനുകമ്പയും കാരുണ്യവുമാകട്ടെ."

വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ കാരുണ്യം വിസ്മരിക്കപ്പെടുന്നുവെന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ "കരുണാസമ്പന്നൻ" എന്ന പ്രമാണരേഖയിൽ വ്യക്തമാക്കുന്നു. "ഇന്നത്തെ സംസ്ക്കാരവും സമൂഹവും കാരുണ്യം എന്ന പ്രമേയം മറന്നിരിക്കുന്നു. സ്വാർത്ഥതയും ആധിപത്യമനോഭാവവും ഇന്നത്തെ സമൂഹത്തിൽ കരുണയ്ക്കും സ്നേഹത്തിനും സ്ഥാനം നിഷേധിക്കുന്നു." വെല്ലുവിളികളെ അതിജീവിച്ച് വചനത്തിന്റെ ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് കൂടുതൽ കരുണയുള്ളവരാകാം. "വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകുവാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കട്ടെ" (മത്താ. 20:25-28). കരുണയുടെ വർഷത്തിന്റെ ആപ്തവാക്യം നമ്മെ ഇക്കാര്യം കൂടുതൽ ഓർമ്മപ്പെടുത്തുന്നു. "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്ക 6:36). നാം കൂടുതൽ കരുണ പ്രകടമാക്കുന്നില്ലെങ്കിൽ ഉപമയിലെ യജമാനൻ സഹസേവകനോട് ചോദിച്ചതുപോലെ നമ്മോടും ചോദിക്കും. "ഞാൻ നിന്നോട് കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോട് കരുണ കാണിക്കേണ്ടതായിരുന്നില്ലേ?" (മത്താ. 18:31).

കരുണയുടെ ഈ വർഷത്തിൽ ചില പ്രായോഗിക തലങ്ങളിൽ നമുക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാം.

1. സഹാനുഭൂതിയുടെയും അനുരഞ്ജനത്തിന്റെയും നീതിയുടെയും ചൈതന്യം കൂടുതൽ പ്രസരിപ്പിക്കുവാൻ ഈ വർഷം പ്രചോദനമേകണം.
2. ആത്മീയവും ശാരീരികവുമായ 14 കാരുണ്യപ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കണം.
3. സഭയുടെ ശുശ്രൂഷകർ അധികാരം ആധിപത്യമായും അടിച്ചമർത്തലായും ഉപയോഗിക്കുന്നുവെന്ന് പരാതി ശക്തമാണ്. ഇത് തിരുത്തപ്പെടണം.
4. നമ്മുടെ ഇടവകകളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും കടന്നുവരുന്നവർക്ക് Welcoming attitude ലഭിക്കുവാൻ ഇടയാകണം.

5. കഷ്ടപ്പെടുത്താതെ കാര്യങ്ങൾ നടത്തിക്കൊടുക്കുന്ന അന്തരീക്ഷം വളർത്തണം. ഔദാര്യത്തോടെ മറ്റുള്ളവരുടെ ആവശ്യങ്ങൾ പരിഗണിക്കണം.
6. ഇടവകകളിൽ കൂദാശപരികർമ്മങ്ങൾ ഏറ്റവും പരിഗണനയോടെ നടത്തിക്കൊടുക്കണം. കുടിശ്ശിക പിരിക്കലും പണപിരിവും കൂദാശ പരികർമ്മവുമായി കൂട്ടികലർത്തരുത്.
7. എല്ലാവരോടും പ്രത്യേകിച്ച് പ്രായം ചെന്നവരോട് ബഹുമാന ആദരവോടുള്ള സംഭാഷണ ശൈലിയായിരിക്കണം പ്രകടമാക്കേണ്ടത്. പരുഷമായും കോപത്തോടു കൂടെയുള്ള ശൈലി ഉപയോഗിക്കരുത്. ശാപവാക്കുകൾ തീർത്തും ഒഴിവാക്കണം.
8. ന്യായമായ ഏതൊരു പരാതിയും തക്കസമയത്ത് തീർപ്പു കല്പിക്കണം.
9. നിർമ്മാണ പ്രവർത്തനങ്ങളിലും ആഘോഷങ്ങളിലും തിരുനാളുകളിലും ലാളിത്യം ഉണ്ടാകണം.

ഈ കാരുണ്യവർഷത്തിൽ നമ്മുടെ വാക്കുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ദൈവത്തിന്റെ മുഖം കൂടുതൽ പ്രശോഭിക്കുവാൻ ഇടയാകട്ടെ. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

+ Pauly Kannookadan

ഇരിങ്ങാലക്കുട
25. 02. 2016

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

## HEALTH AND APOSTOLIC BLESSING TO REV. FR. LUXY KADAMBATTUPARAMBIL

You are hereby suspended *A Divinis* from all the sacramental and pastoral duties connected with the orders of Priesthood with effect from I$^{st}$ January 2016.

+ Pauly Kannookadan

**MAR PAULY KANNOOKADAN**
Bishop of Irinjalakuda

Fr Clement

**Dr. Clement Chirayath**
Chancellor

EPARCHIAL CURIA ★ IRINJALAKUDA - 680 121 ★
3/16
01.01.2016




**1 Appointments and Relieving Orders**

| | | |
|---|---|---|
| Rev. Fr. Seby Vithayathil SDV | - | Asst. Vicar St. Stanislaus F. Church, Mala. w.e.f. 29.2.2016. |

**Diaconate Ministry Appointments w.e.f 19th March 2016 to 18th April 2016**

| | | |
|---|---|---|
| Rev. Dn. Lijohn Brahmakulam | - | St. John Nepumcian Forane Church, Parappukara |
| Rev. Dn. Ajo Pulickan | - | St. Paul's Church, Aroormuzhi |
| Rev. Dn. Linto Parekkadan | - | Our Lady of Fathima Church, Kottanellur |
| Rev. Bro. Chacko Kattuparambil | - | St. Joseph's Church, Mathilakam |
| Rev. Dn. Jiffin Kaitharath | - | Our Lady of Dolour's Church, Irinjalakuda W. |
| Rev. Dn. Dibin Aynikkal | - | St. Sebastian's F. Church, Kuttikad |
| Rev. Bro. Tinto Kodiyan | - | St. Mary's, Church, Thazhoor |
| Rev. Dn. Dileep Vithayathil | - | St. Mary's Church, Thumbarassery |
| Rev. Dn. Rees Vadassery | - | St. Sebastian's Church, Thazhekad |
| Rev. Dn. Vimal Pengiparambil | - | Our Lady of Carmel F. Church, Edathiruthy |
| Rev. Dn. Tom Vadakkan | - | St. Thomas F. Church, Ambazhakad |
| Rev. Dn. Devassy (Akhil) Vadakkan | - | St. Joseph's Church, Kodakara w.e.f. 19th March to 31st August 2016. |

2. **മാസധ്യാനം :** ഏപ്രിൽ മാസത്തിലെ ബഹു. അച്ചന്മാരുടെ മാസധ്യാനം ഫൊറോന പള്ളികളുടെ നേതൃത്വത്തിലായിരിക്കും.

3 **ഏപ്രിൽ 18 തിങ്കൾ :** മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മെത്രാഭിഷേക സ്ഥാനാരോഹണ 6-ാം വാർഷിക സുദിനം. പിതാവിനുവേണ്ടി പ്രാർത്ഥിക്കാം. ആശംസകൾ നേരാം.

4 **തൊഴിലാളി ദിനം-മെയ് 1 ഞായർ :** തൊഴിലിന്റെ മാഹാത്മ്യത്തെക്കുറിച്ച് ബോധവാന്മാരാകുന്നതിനും തൊഴിലാളി-തൊഴിലുടമ ബന്ധങ്ങളിൽ സ്നേഹവും സമാധാനവും വളർത്തി നാടിന്റെ

സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തുവാനുമുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് ബോദ്ധ്യം ഉൾക്കൊള്ളുന്നതിനും ഈ അവസരം ഉപയോഗപ്പെടുത്താം. ഇടവകകളിൽ തൊഴിലാളിദിന ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. മെയ് 1-ന് ഞായറാഴ്ച വി. കുർബാനമദ്ധ്യേ ഈ നിയോഗാർത്ഥം സ്തോത്രകാഴ്ച എടുത്ത് മെയ് 30-ന് മുൻപ് രൂപതാഭവനത്തിൽ ഏൽപ്പിക്കേണ്ടതാണ്. രൂപതാതല മെയ്ദിനാഘോഷം മെയ് 1-ന് നടക്കുന്നതാണ്.

5 **വൈദികരുടെ വാർഷികധ്യാനം :** ബഹു. അച്ചന്മാരുടെ വാർഷികധ്യാനം കല്ലേറ്റുംകര PACS-ൽ മൂന്ന് ബാച്ചുകളിലായി നടത്തപ്പെടുന്നു. ഒന്നാം ബാച്ച് ധ്യാനം **2016 ജൂൺ 6 മുതൽ 10 വരെയും, രണ്ടാം ബാച്ച് ജൂൺ 13 മുതൽ 17 വരെയും, മൂന്നാം ബാച്ച് ജൂൺ 27 മുതൽ ജൂലൈ 1 വരെയും** ആയിരിക്കും. ബഹു. അച്ചന്മാരുടെ പേരുകൾ ബാച്ച് തിരിച്ച് പേജ് നമ്പർ **20, 21, 22, 23**ൽ നൽകിയിട്ടുണ്ട്. തക്കകാരണത്താൽ ബാച്ച് മാറാൻ ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിവരം നേരത്തെ തന്നെ രൂപതാകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**ധ്യാനഗുരു : റവ. ഡോ. തോമസ് കോഴിമല MCBS**

6 **വൊക്കേഷൻ ബ്യൂറോ :** രൂപതയ്ക്കകത്തും പുറത്തും ഉള്ള സന്യാസിനീസന്യാസ സമൂഹങ്ങളിൽ അർത്ഥിനികൾ ആയി ചേരുന്നവരും മറ്റു രൂപതാ സെമിനാരികളിൽ ചേരുന്നവരും ജനനം, മാമ്മോദീസ, സ്ഥൈര്യലേപനം എന്നിവയുടെ സർട്ടിഫിക്കറ്റും വികാരിയച്ചനിൽനിന്നുള്ള സ്വഭാവ സർട്ടിഫിക്കറ്റുകളും രൂപതാ കച്ചേരിയിൽ നൽകി പേര് രജിസ്റ്റർ ചെയ്തശേഷം സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

7 **സമർപ്പിത വർഷം :** കഴിഞ്ഞ ഒരു വർഷത്തെ സമർപ്പിത വർഷാചരണപരിപാടികളുടെ വിജയത്തിനായി സഹകരിക്കുകയും ത്യാഗം കാഴ്ചവയ്ക്കുകയും ചെയ്ത രൂപതാ സമർപ്പിതവർഷാചരണ ജനറൽ കൺവീനർ, സെക്രട്ടറി, ജോയിന്റ് കൺവീനർ എന്നിവർക്കും, ഫൊറോന, ഇടവക തലത്തിലുള്ള വിവിധ കമ്മറ്റി അംഗങ്ങൾക്കും രൂപതയുടെ പേരിലുള്ള നന്ദി.

8 **ജൂനിയർ സിസ്റ്റേഴ്സിന് തിയോളജി കോഴ്സ് :** ഇരിങ്ങാലക്കുട രൂപതയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 11 തിങ്കളാഴ്ച വൈകിട്ട് 5 മണി മുതൽ ഏപ്രിൽ 30 ശനിയാഴ്ച രാവിലെ 10 മണി വരെ കല്ലേറ്റുംകര പാക്സിൽവച്ച് ജൂനിയർ സിസ്റ്റേഴ്സ് തിയോളജി കോഴ്സ് നടക്കുന്നു.

**9 സന്യാസിനി സമൂഹങ്ങളുടെ സുപ്പീരിയേഴ്സിന്റെ കൂട്ടായ്മ**
രൂപതയിലെ സന്യാസിനീസമൂഹങ്ങളുടെ ബഹു. മേജർ സുപ്പീരിയർമാരുടെയും, ബഹു. സുപ്പീരിയർമാരുടെയും കൂട്ടായ്മ 2016 ഏപ്രിൽ 16-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ രൂപതാഭവനത്തിൽവച്ച് നടത്തുന്നു. ''സമർപ്പിതരും അജപാലന ശുശ്രൂഷയും'' എന്ന വിഷയത്തെ സംബന്ധിച്ച് റവ. ഫാ. പ്രസാദ് തെരുവത്ത് ഒ.സി.ഡി. (പ്രൊവിൻഷ്യൽ സുപ്പീരിയർ സെന്റ് പയസ് ടെൻത് പ്രൊവിൻസ്, മഞ്ഞുമ്മൽ) ക്ലാസ്സ് എടുക്കുന്നതായിരിക്കും. നമ്മുടെ രൂപതാതിർത്തിയിൽ സേവനമനുഷ്ഠിക്കുന്ന ബഹു. സഹോദരിമാരിൽ 2015-16 വർഷത്തിൽ സുവർണ്ണ ജൂബിലിയോ, രജതജൂബിലിയോ ആഘോഷിക്കുന്നവ രെയും സഭാവസ്ത്രം സ്വീകരിച്ച് പ്രഥമ വ്രതവാഗ്ദാനം നടത്തിയവരെയും ഈ വർഷം പ്രശംസാർഹമായ ഏതെങ്കിലും തലത്തിൽ നേട്ടം കൈവരിച്ചവരുണ്ടെങ്കിൽ അവരെയും ഈ സമ്മേളനമദ്ധ്യേ ആദരിക്കുന്നതാണ്.

**10 ആത്മഹത്യ ചെയ്തവരുടെ മൃതദേഹസംസ്കാരം :**
"ആത്മഹത്യ ചെയ്തവർക്ക് ലളിതമായ മൃതദേഹസംസ്കാര ശുശ്രൂഷയാണ് നൽകുക" (രൂപതാ നിയമാവലി 38.4.2)

**Guidelines for giving Simple Burial :**
"Simple burial means a burial with no homily, no Qurbana, no use of mike, using only two ornamental umbrellas (muthukudas), one cross and one priest for the burial" (Particular Law of the Syro Malabar Church, Part III, Guideliness no-10).

**11 വിവാഹ പരസ്യം : ബഹു. വികാരിമാരുടെ ശ്രദ്ധയ്ക്ക്**

**A രൂപതാദ്ധ്യക്ഷനിൽനിന്ന് അനുവാദം വാങ്ങിക്കേണ്ടവ :**

1. മൂന്ന് വിവാഹപരസ്യം ഒഴിവാക്കാൻ സ്ഥലം രൂപതാദ്ധ്യക്ഷനാണ് അധികാരമുള്ളത്.
2. വിവാഹം ഒരു പ്രാവശ്യം പരസ്യപ്പെടുത്തി, വിവാഹം അന്ന് തന്നെ ആശീർവ്വദിക്കുന്നതിന് സ്ഥലം രൂപതാദ്ധ്യക്ഷന്റെ അനുവാദം ആവശ്യമാണ്.

**B ഫൊറോന വികാരിമാർക്ക് നൽകാവുന്ന അനുവാദങ്ങൾ**

1. മനഃസ്സമ്മതത്തിന് മുമ്പ് തന്നെ മൂന്ന് പ്രാവശ്യം വിളിച്ച് ചൊല്ലി വിവാഹം ആശീർവ്വദിക്കുവാനുമുള്ള അനുവാദം ഫൊറോന വികാരിമാർക്ക് നൽകാവുന്നതാണ്. എന്നാൽ ഇവിടെ ശ്രദ്ധിക്കേണ്ട

ഒരു കാര്യമുണ്ട്. മനഃസ്സമ്മതവും വിവാഹകർമ്മവും തമ്മിൽ വേണ്ടത്ര സമയദൈർഘ്യം ആവശ്യമാണ് (24 മണിക്കൂർ)

2. മനഃസ്സമ്മത്തിനുമുമ്പ് രണ്ടു പ്രാവശ്യവും മനഃസമ്മതത്തിനുശേഷം ഒരു പ്രാവശ്യവും വിവാഹം വിളിച്ച് ചൊല്ലി വിവാഹം ആശീർവ്വദിക്കുവാനുമുള്ള അനുവാദം ഫൊറോന വികാരിമാർക്ക് നൽകാവുന്നതാണ്.

3 മനഃസ്സമ്മതത്തിന് മുമ്പ് ഒരു പ്രാവശ്യവും മനഃസ്സമ്മതത്തിന് ശേഷം രണ്ടു പ്രാവശ്യവും വിളിച്ച് ചൊല്ലിവിവാഹം ആശീർവ്വദിക്കുവാനുമുള്ള അനുവാദം ഫൊറോന വികാരിമാർക്ക് നൽകാവുന്നതാണ്.

4 മനഃസ്സമതത്തിന് മുമ്പ് ഒരു പ്രാവശ്യവും മനഃസ്സമ്മതത്തിന് ശേഷം ഒരു പ്രാവശ്യവും വിളിച്ച് ചൊല്ലി വിവാഹം നടത്തുന്നതിന് ഫൊറോന വികാരിക്ക് അനുവാദം നൽകാവുന്നതാണ്.

5 മനഃസമ്മതത്തിന് മുമ്പ് ഒരു പ്രാവശ്യം മാത്രം വിളിച്ച് ചൊല്ലി വിവാഹം നടത്തുവാൻ ഫൊറോന വികാരിക്ക് അനുവാദം നൽകാവുന്നതാണ്.

(സീറോ മലബാർ സഭാമെത്രാന്മാരുടെ 17-ാമത് സിനഡ് 2009 ആഗസ്റ്റ്)

രൂപതാ കാര്യാലയം
19. 03. 2016

**മോൺ. സെബാസ്റ്റ്യൻ മാളിയേക്കൽ**
വികാരി ജനറാൾ

## HEALTH AND APOSTOLIC BLESSING TO REV. FR. PAULY PAYYAPPILLY

You are hereby suspended *A Divinis* from all the sacramental and pastoral duties connected with the orders of Priesthood with effect from I[st] January 2016.

**MAR PAULY KANNOOKADAN**
Bishop of Irinjalakuda

**Dr. Clement Chirayath**
Chancellor

EPARCHIAL CURIA ★ 680 121 IRINJALAKUDA ★
4/16
01.01.2016

Ref: 2846/K 35/OL/KCBC/DS 18.03.2016

# കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ തൊഴിൽകാര്യകമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം - 2016

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീസഹോദരന്മാരേ,

1. അന്താരാഷ്ട്ര തൊഴിലാളിദിനമായ മെയ് ഒന്നിന്റെ ആശംസകൾ നേരുന്നതോടൊപ്പം, തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ അനുഗ്രഹങ്ങൾ ധാരാളമായി എല്ലാ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2. ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ നിത്യജീവനിലുള്ള പ്രത്യാശയാണല്ലോ. നിത്യജീവൻ നേടുന്നതിനായി എന്തുചെയ്യണമെന്ന് യേശുക്രിസ്തു വ്യക്തമാക്കുന്ന രണ്ട് പ്രധാന സന്ദർഭങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തുചെയ്യണം എന്ന ചോദ്യവുമായി യേശുവിനെ പരീക്ഷിക്കുന്ന ധനികനായ യുവാവിന് നൽകുന്ന മറുപടിയാണിതിൽ ആദ്യത്തേത് (മത്തായി 19:16-21). ഭൗതികസ്വത്തുക്കളെയും ഭൗമിക ജീവിതത്തെയും നിത്യജീവനെക്കാൾ വലുതായിക്കാണുന്ന മനുഷ്യരുടെ പ്രതീകമാണ് ഈ ചെറുപ്പക്കാരൻ. നിത്യജീവിതത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ അർഹതയും അതു നേടാനാകാതെ പോയവരുടെ അനർഹതയും വെളിപ്പെടുത്തുന്ന അന്ത്യവിധിയാണ് രണ്ടാമത്തേത് (മത്തായി 25:/31-46). എനിക്ക് വിശന്നപ്പോൾ ആഹാരവും, ദാഹിച്ചപ്പോൾ വെള്ളവും, പരദേശിയായപ്പോൾ സ്വഭവനത്തിൽ സ്വീകരണവും, നഗ്നനായിരുന്നപ്പോൾ വസ്ത്രവും, രോഗിയായിരുന്നപ്പോൾ ആശ്വാസവും, കാരാഗൃഹത്തിലായിരുന്നപ്പോൾ സാമീപ്യവും നൽകി എന്നതായിരുന്നു അർഹത. നിത്യജീവനിലേക്ക് പ്രവേശിച്ചവരും പ്രവേശിക്കാൻ പറ്റാത്തവരും ചോദിച്ചത് ഒരേ ചോദ്യം. അതിനുള്ള ഉത്തരമാണ് ഈ കാരുണ്യവർഷത്തിൽ കർത്താവ് വീണ്ടും നമ്മോടു പറയു ന്നത്: ഈ ചെറിയവരിൽ ഒരാൾക്ക് ചെയ്തപ്പോൾ എനിക്കുതന്നെ യാണ് ചെയ്തത് .

3. വിശപ്പ് മനുഷ്യന്റെ അവശ്യവസ്തുക്കളുടെ പ്രതീകമാണ്, ദാഹമാകട്ടെ ആഗ്രഹങ്ങളും. പരദേശി പാർശ്വവൽക്കരിക്കപ്പെട്ടവരും ഒറ്റപ്പെട്ടുപോയവരുമാണ്. കാരാഗൃഹം സ്വാതന്ത്ര്യത്തിന്റെ നഷ്ടവും, നഗ്നത മാന്യതയുടെ തകർച്ചയും, രോഗം സഹോദരങ്ങളിൽ നിന്നും ലഭിക്കാതെ പോകുന്ന കരുതലും ആശ്വാസവുമാണ്. അതുകൊണ്ടാണ്

എന്റെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്ക് 6:36) എന്ന വചനം ആപ്തവാക്യമായി എടുത്ത് പരി. ഫ്രാൻസീസ് മാർപാപ്പ കരുണയുടെ വർഷം പ്രഖ്യാപിച്ചിരിക്കുന്നത്. ഈ വർഷത്തെ മെയ്ദിനത്തിന്റെ പ്രധാന സന്ദേശവും ഇതുതന്നെയാണ്; നമുക്കും കരുണ ഉള്ളവരാകാം.

4. വ്യവസ്ഥകളില്ലാത്ത കാരുണ്യമാണു ദൈവത്തിന്റേത്. ദൈവകാരുണ്യാനുഭവം വ്യക്തികളിൽ മാത്രമല്ല, സമൂഹത്തിന്റെ സമസ്ത ഘടകങ്ങളിലും സംവിധാനങ്ങളിലും രൂഢമൂലമാകേണ്ടിയിരിക്കുന്നു. പട്ടിണി, ദാരിദ്ര്യം, ചൂഷണം, വിവേചനം, അഴിമതി, അനീതി തുടങ്ങി സമകാലിക സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ തിന്മകളും കാരുണ്യമില്ലാത്ത വ്യക്തികളുടേയും സാമൂഹിക ഘടനകളുടെയും സൃഷ്ടിയാണ്.

5. ലോകത്ത് ആകെയുള്ള ദരിദ്രരിൽ മൂന്നിലൊന്നു പേരും അധിവസിക്കുന്നത് ഇന്ത്യയിലാണെന്നാണു ലോകബാങ്കിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിലെ ഗ്രാമങ്ങളിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും പരാധീനതകളുടെയും നേർചിത്രം കേന്ദ്രസർക്കാർ ഈയിടെ പുറത്തിറക്കിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ (2011) റിപ്പോർട്ട് വെളിവാക്കുന്നു. ആദ്യമായിട്ടാണ് വീടുവീടാന്തരം വിവരശേഖരണം നടത്തപ്പെട്ട ഒരു കുടുംബസ്ഥിതി വിവരക്കണക്കെടുപ്പ് ഇന്ത്യയിൽ നടന്നത്. അതുകൊണ്ട് ഈ സെൻസസിന്റെ കണ്ടെത്തൽ യാഥാർത്ഥ്യത്തോട് കൂടുതൽ അടുത്തു നിൽക്കുന്നുവെന്നു കാണാം. ഇതനുസരിച്ച് രാജ്യത്തെ എഴുപത്തിയഞ്ച് ശതമാനം കുടുംബങ്ങളുടെയും പ്രതിമാസ വരുമാനം അയ്യായിരം രൂപയിൽ താഴെ മാത്രമാണ്. കേരളത്തിലെ സ്ഥിതിവിശേഷവും ഒട്ടും മെച്ചപ്പെട്ടതല്ല. ഗ്രാമീണ ജനതയുടെ ദാരിദ്ര്യത്തെയും, ഭൗതിക ജീവിതാവസ്ഥയുടെ പരിമിതികളെയും പരാധീനതകളെയും സംബന്ധിച്ച് വിശദമായ വിശകലനം ഈ റിപ്പോർട്ടിൽ ഉണ്ട്.

6. അവകാശങ്ങളുടെ നിഷേധം, അവസരങ്ങളുടെ തുല്യതയില്ലായ്മ, വ്യക്തിപരമായ അലസത ഇവ മൂന്നുമാണ് ദാരിദ്ര്യത്തിന്റെ അടിസ്ഥാന കാരണങ്ങൾ. ആദ്യത്തേത് രണ്ടും ഭരണകൂടവും പൊതുസമൂഹവും ഉറപ്പുവരുത്തേണ്ടവയും മൂന്നാമത്തേത് വ്യക്തി സ്വയം മാറ്റേണ്ടതുമാണ്. ആരാണ് ഇന്ത്യയിലെ ദരിദ്രർ എന്ന അന്വേഷണത്തിന്റെ ഉത്തരം എത്തിനിൽക്കുന്നത് നമ്മുടെ രാജ്യത്തെ അസംഘടിത തൊഴിലാളികളിലാണ്. അതായത് തൊഴിൽസംരക്ഷണം, നിയമപരിരക്ഷ, സാമൂഹികസുരക്ഷ എന്നിവ സംലഭ്യമല്ലാത്ത് അസംഘടിത തൊഴിലാളികൾ അഥവാ അനൗപചാരിക തൊഴിലാളികൾ. പ്രഭാതം മുതൽ പ്രദോഷം വരെ അദ്ധ്വാനിച്ചിട്ടും രണ്ടറ്റവും കൂട്ടി

മുട്ടിക്കുവാൻ കഴിയാത്തവരാണിവർ. സ്വാഭാവികമായും ഇവർ സംഘടിച്ചു ശക്തരായിട്ടുമില്ല. അഞ്ചു ഏക്കർ കൃഷി ഭൂമി സ്വന്തമായുള്ള ചെറുകിട കർഷകർവരെ അസംഘടിത തൊഴിലാളിവിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്.

7. ഇന്ത്യയിലെ തൊഴിലാളികളിൽ തൊണ്ണൂറ്റിമൂന്ന് ശതമാനം പേരും അസംഘടിത തൊഴിലാളികളാണെന്നും, ദേശീയവരുമാനത്തിന്റെ അറുപത്തഞ്ച് ശതമാനവും ഇവരുടെ സംഭവനയാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. നാൽപ്പത്തഞ്ച് കോടിവരുന്ന ഇവരാണ് യഥാർത്ഥ അദ്ധ്വാനശക്തിയെങ്കിലും അവകാശ നിഷേധവും അവസര നിഷേധവും വഴി ഇവർ കൂടുതൽ ദരിദ്രരാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഗ്രാമീണ ഇന്ത്യയിലെ മൂന്നിൽ രണ്ട് ഭാഗം പേരും കൃഷി, മൽസ്യബന്ധനം, കന്നുകാലിവളർത്തൽ എന്നിവ വഴി പ്രാഥമിക മേഖലയിലാണ് ഉപജീവനം കണ്ടെത്തുന്നത്. ഈ വർഷം ബജററിനു മുമ്പ് കേന്ദ്ര സർക്കാർ പുറത്തിറക്കിയ സാമ്പത്തിക സർവെ റിപ്പോർട്ടനുസരിച്ച് രാജ്യത്തിന്റെ ഈ വർഷത്തെ വളർച്ചാനിരക്കു 7.6 ശതമാനമാണെങ്കിലും ബഹുഭൂരിപക്ഷത്തിന്റെ ജീവസന്ധാരണ മാർഗമായ പ്രാഥമിക മേഖലയുടെ വളർച്ച കേവലം 1.1 ശതമാനം മാത്രമാണ്. എന്നാൽ കോർപ്പറേററുകളുടെ വളർച്ച 20 ശതമാനമാണ്. രാജ്യം കൈവരിക്കുന്ന വളർച്ചയും പുരോഗതിയും അടിസ്ഥാന ജനവിഭാഗമായ തൊഴിലാളികളിലേക്ക് എത്തിച്ചേരുന്നില്ല. ഇവ ചിലരിൽ മാത്രം കേന്ദ്രീകരിക്കുന്നു എന്നാണ് സ്ഥിതിവിവരക്കണക്കുകൾ തെളിയിക്കുന്നത്. അതുപേലെതന്നെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുടെ അളവുകോലായി കോർപ്പറേറ്റുകളുടെ വളർച്ച മാത്രം എടുത്താൽ മതിയോ എന്നതും ഉത്തരം കിട്ടേണ്ട ചോദ്യമാണ്.

8. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അസംഘടിത തൊഴിൽമേഖലയെ പരിഗണിക്കുന്നതായിട്ടുപോലും പ്രവൃത്തികളിൽ കാണുന്നില്ല. ബജറ്റവതരണങ്ങളിൽ ഇവിടുത്തെ ഈ ദരിദ്രവിഭാഗം അവഗണിക്കപ്പെടുന്നു. അവരുമായി ബജറ്റിനു മുമ്പ് എന്തെങ്കിലും തരത്തിലുള്ള ചർച്ചയും നടത്തുന്നതായി കാണുന്നുമില്ല. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും വൻകിട വ്യവസായികൾക്കും ശതകോടിക്കണക്കിന് ഇളവും പ്രോത്സാഹനവും നൽകുന്നു. ഇതിനായി ബജറ്റ്വിഹിതത്തിന്റെ നല്ലൊരു പങ്ക് മാറ്റി വെക്കുമ്പോൾ അസംഘടിത മേഖലക്ക് കാര്യമായൊന്നും നീക്കിവയ്ക്കുന്നില്ല. അഥവാ നീക്കിവയ്ക്കപ്പെട്ട ചെറുവിഹിതം പോലും വിനിയോഗിക്കപ്പെടുന്നില്ല. പൊതുമേഖലാ ബാങ്കുകൾ അത്താഴപ്പട്ടിണിക്കാരന്റെ വായ്പാകുടിശ്ശിക ഈടാക്കാൻ ജപ്തിയും ജയിലിലിലടയ്ക്കലും നടപ്പാക്കുമ്പോൾ വൻകിടക്കാർ വരുത്തിയിട്ടുള്ള

കോടികൾ എഴുതിതള്ളുന്നു. ജനപ്രതിനിധികൾ തങ്ങളുടെയും, ഉദ്യോഗസ്ഥ വിഭാഗത്തിന്റെയും സേവന വേതന ആനുകൂല്യങ്ങൾ വൻതോതിൽ വർദ്ധിപ്പിക്കുമ്പോൾ തുച്ഛമായ സാമൂഹിക പെൻഷനുകളും ക്ഷേമനിധി സഹായങ്ങളും നൽകാതിരിക്കുകയും, ഉണ്ടായിരുന്ന പദ്ധതികൾ പോലും വെട്ടിച്ചുരുക്കുകയും ചെയ്യുന്നു. മാത്രമല്ല ഇവയെക്കുറിച്ച് ശ്രദ്ധയിൽ പെടുത്തിയാൽ പോലും നിയമസഭയിലോ പാർലമെന്റിലോ ഇത് ഉന്നയിക്കാൻ എം.എൽ.എ.മാരും എം.പി. മാരും തയ്യാറാകുന്നില്ലെന്നത് ഏറെ ഖേദകരമാണ്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് വിശദമായ വിശകലനം നടത്തി മാത്രമേ തൊഴിലാളികൾ തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കാൻ പാടുള്ളൂ. അസംഘടിത തൊഴിലാളികളുടെ സാമൂഹികസുരക്ഷയും മനുഷ്യോചിതമായ ജീവിതസാഹചര്യവും ഉറപ്പുവരുത്തേണ്ടത് ഭരണാധികാരികളും വികസനത്തിന്റെ മുഖ്യ പങ്കു കൈപ്പറ്റുന്നവരുമാണ്. ഭരണാധികാരികളുടെയും കക്ഷി രാഷ്ട്രീയ നേതൃത്വത്തിന്റെയും ഉദ്യോഗസ്ഥ വിഭാഗങ്ങളുടെയും നിരുത്തരവാദിത്വവും അഴിമതിയും പ്രതിജ്ഞാബദ്ധതയില്ലായ്മയും തിരുത്തി അവരുടെ പ്രവൃത്തികൾ കൂടുതൽ കരുണാർദ്രമായി മാറേണ്ടതുണ്ട്.

9. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കൺവെൻഷനുകൾക്കനുസരിച്ചാണു നമ്മുടെ രാജ്യത്തും തൊഴിൽ നിയമങ്ങൾക്കു രൂപം കൊടുത്തിട്ടുള്ളത്. പാർലിമെന്റ് പാസ്സാക്കിയ തൊഴിൽ നിയമങ്ങളിൽ വെള്ളം ചേർക്കാനും നിരാകരിക്കാനും തൊഴിലാളികളുടെ അവകാശങ്ങളും സാമൂഹിക സുരക്ഷയും നിഷേധിക്കാനുമുള്ള പ്രവണത അടുത്ത കാലത്ത് ശക്തമായിരിക്കുകയാണ്. ഇതിനെ പ്രതിരോധിക്കാനും തിരുത്താനുമുള്ള ഫലപ്രദമായ നടപടികൾ ഒത്തൊരുമയോടെ കേന്ദ്ര ട്രേഡ്‌യൂണിയനുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടോയെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. തൊഴിലാളികളുടെ താത്പര്യങ്ങളേക്കാൾ ഉപരിയായ കക്ഷിരാഷ്ട്രീയ വിധേയത്വമാണ് ഇന്നു തൊഴിലാളി യൂണിയനുകൾ നേരിടുന്ന ഏററവും വലിയ പ്രതിസന്ധി. തൊഴിൽ സേനയിലെ സിംഹഭാഗം വരുന്ന അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനു കേന്ദ്ര ട്രേഡ്‌യൂണിയനുകൾ നാളിതു വരെയായി ഗൗരവതരമായ സമീപനം സ്വീകരിച്ചിട്ടില്ലെന്ന കാര്യവും വളരെ പ്രധാനപ്പെട്ട ഒന്നാണ്. കേന്ദ്ര ട്രേഡ്‌യൂണിയനുകൾ രാഷ്ട്രീയ വിധേയത്വം പ്രകടിപ്പിക്കാനുള്ള മത്സരമൊഴിവാക്കി പാർശ്വവൽക്കരിക്കപ്പെട്ടുപോയ അസംഘടിത മേഖലയോട് പക്ഷം ചേർന്നെങ്കിലേ സാമൂഹ്യനീതി നടപ്പിലാക്കാൻ ഭരണാധികാരികൾ ശ്രദ്ധിക്കുകയുള്ളൂ.

10. അസംഘടിത തൊഴിലാളികളുടെ പക്ഷം ചേർന്ന് തൊഴിൽസുരക്ഷ, സാമൂഹികസുരക്ഷ, കുടുംബസുരക്ഷ, തൊഴിലിന്റെയും തൊഴിലാളികളുടെയും മഹത്വം എന്നിവയ്ക്കായി പ്രവർത്തിക്കുകയാണ് സഭാ

ത്മകദൗത്യം ഏൽപിക്കപ്പെട്ടിരിക്കുന്ന തൊഴിൽകാര്യ കമ്മീഷന്റെ ഉത്തരവാദിത്വം.

11. തൊഴിലാളികളോട് നീതിപൂർവകമായ സമീപനം സഭയ്ക്കുള്ളിൽ തന്നെ ഉണ്ടാകേണ്ടതുണ്ട്. സഭാസ്ഥാപനങ്ങളിലെ അദ്ധ്യാപകർ, നഴ്സുമാർ ഉൾപ്പടെയുള്ള ആശുപത്രി ജീവനക്കാർ, സാമൂഹിക സേവന മേഖലയിലെ ജീവനക്കാർ എന്നിങ്ങനെയുള്ള എല്ലാ വിഭാഗം ജീവന ക്കാരോടും സഭാശുശ്രൂഷകളിൽ ഏർപെട്ടിരിക്കുന്ന അല്മായരും അല്ലാത്തവരുമായ എല്ലാവരോടും കൂടുതൽ കരുണ കാണിക്കേണ്ടതാ യിട്ടുണ്ട്. എങ്കിൽ മാത്രമേ പൊതുസമൂഹത്തിന്റെയും ഭരണ രാഷ്ട്രീയ ഉദ്യോഗസ്ഥ വിഭാഗങ്ങളുടെതുമായ നിരുത്തരവാദിത്വത്തിനെതിരേ പ്രതികരിക്കാനുള്ള ധാർമ്മികശക്തി ഉണ്ടാകുകയുള്ളൂ എന്ന് ഈ മേഖ ലകളിൽ നേതൃത്വം നൽകുന്നവരുടെ മനസ്സിലുണ്ടാകണം. ഫ്രാൻസീസ് പാപ്പ നിരന്തരം പറയുന്നതും പ്രവർത്തിക്കുന്നതും ഇതാണ്. പാപ്പാ യുടെ ആഹ്വാനങ്ങൾ പ്രസംഗങ്ങളിലും പ്രബോധനങ്ങളിലും ഉദ്ധരി ക്കാൻ മാത്രമുള്ളതായി ചുരുങ്ങിപ്പോകരുത്. കേരള കത്തോലിക്കാ സഭയിൽ രൂപതകളുടെയും സന്ന്യാസ സമൂഹങ്ങളുടെയും നേതൃത്വ ത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകോപിപ്പിക്കുന്നതി നും ക്രമപ്പെടുത്തുന്നതിനും വേണ്ടി മെത്രാൻ സമിതി പീപ്പിൾ മാനേജ്മെന്റ് പോളിസി 2013, ഒക്ടോബറിൽ പുറത്തിറക്കിയിട്ടുണ്ട്. രാജ്യത്തെ നിയമങ്ങളുടെയും സഭാപ്രബോധനങ്ങളുടെയും അടിസ്ഥാ നത്തിലാണ് ഈ നയം തയ്യാറാക്കിയിട്ടുള്ളത്. ഈ കാരുണ്യവർഷ ത്തിൽ തന്നെ എല്ലാ സ്ഥാപനങ്ങളിലും ഈ നയം നടപ്പിലാക്കാൻ പ്രത്യേക ശ്രദ്ധ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. അതിന് ആവശ്യ മായ സാങ്കേതിക സഹായങ്ങൾ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യകമ്മീഷൻ നൽകാൻ തയ്യാറാണ്.

12. കെസിബിസി ലേബർ കമ്മീഷന്റെ ഔദ്യോഗിക സാമൂഹികസന്നദ്ധ സംഘടനയാണ് കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.). സി.ബി. സി.ഐ. ലേബർ കമ്മീഷന്റെ കീഴിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേ ഷന്റെ (വിഫ്) കേരള ഘടകമാണ് ഈ പ്രസ്ഥാനം. നിർമ്മാണത്തൊ ഴിലാളി ഫോറം, തയ്യൽ തൊഴിലാളി ഫോറം, ഗാർഹിക തൊഴിലാളി ഫോറം, ചെറുകിട തോട്ടം തൊഴിലാളി ഫോറം, കർഷക തൊഴിലാളി ഫോറം, മോട്ടോർ വാഹന തൊഴിലാളി ഫോറം, മത്സ്യത്തൊഴിലാളി ഫോറം, പീടികത്തൊഴിലാളി ഫോറം തുടങ്ങിയ എട്ട് ഫോറങ്ങളി ലൂടെ അസംഘടിത തൊഴിലാളികളെ കെ.എൽ.എം. സംഘടിപ്പിച്ചു വരുന്നു. സർക്കാർ ക്ഷേമനിധികൾ സാമൂഹിക സുരക്ഷാപദ്ധതികൾ,

തൊഴിൽ വൈദഗ്ധ്യപരിശീലനങ്ങൾ, ശിൽപ്പശാലകൾ എന്നിവയിലൂടെ ജാതി മതഭേദമില്ലാതെ അസംഘടിത തൊഴിലാളികളുടെ ശക്തീകരണമാണ് കെ.എൽ.എം. ലക്ഷ്യം വെച്ചിട്ടുള്ളത്. കൂടാതെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ശുശ്രൂഷികളുടെയും സാമൂഹിക സുരക്ഷാ പദ്ധതി നടപ്പിലാക്കാനും, പീപ്പിൾ മാനേജ്മെന്റ് പോളിസി നടപ്പിലാക്കാനുള്ള സഹായങ്ങളും ഒത്താശകളും നൽകാനും കെ.എൽ.എം നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്.

13. കേരളത്തിലെ എല്ലാ രൂപതകളിലും ഇതിനോടകം കെ.എൽ.എം-ന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും ചില രൂപതകളിൽ ഇനിയും വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. എല്ലാ ഇടവകകളിലും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സാധിച്ചിട്ടുമില്ല. അതിനാൽ എല്ലാ രൂപതകളും, ഇടവകകളും ഇക്കാര്യത്തിൽ ആത്മാർഥമായ സഹകരണം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. തൊഴിലാളിദിന ആചരണത്തോട് അനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കായി പ്രത്യേക ദിവ്യബലികളും സെമിനാറുകളും നടത്തുന്നത് ഉചിതമാണ്. എല്ലാ തൊഴിലാളികളെയും മെഡിക്ലെയിം ഇൻഷുറൻസ്, അപകട ഇൻഷൂറൻസ്, പെൻഷൻ പദ്ധതി തുടങ്ങിയ വിവിധ സാമൂഹിക സുരക്ഷാപദ്ധതികളിൽ അംഗങ്ങളാക്കാനുള്ള ഒത്താശകൾ ചെയ്തു കൊടുക്കണം. എല്ലാ ഇടവകകളിലും കെ.എൽ.എം.-ന്റെ നേതൃത്വത്തിൽ ലേബർ ഹെൽപ് ഡെസ്കുകൾ രൂപീകരിക്കുന്നത് നല്ലതാണ്.

14. തങ്ങളുടെ അദ്ധ്വാനത്തിലൂടെയാണ് കുടുംബവും, രാഷ്ട്രവും, സമൂഹവും പുരോഗമിക്കുന്നത് എന്ന തിരിച്ചറിവിലൂടെ അലസതയകറ്റി, ഉത്തരവാദിത്വത്തോടെയും സത്യസന്ധതയോടെയും തൊഴിലിൽ ഏർപ്പെടണമെന്ന് എല്ലാ തൊഴിലാളികളെയും ഓർമ്മിപ്പിക്കുന്നു. കാർഷിക മേഖലയിലും വ്യവസായ മേഖലയിലും നല്ല ഉത്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉത്പാദിപ്പിച്ച് കമ്പോളത്തിൽ ഇറക്കിയാൽ മാത്രമേ ഇന്നത്തെ ആഗോള സമ്പദ്വ്യവസ്ഥയിൽ നമുക്ക് മുന്നേറാൻ കഴിയുകയുള്ളുവെന്ന വസ്തുത എല്ലാ തൊഴിലാളികളുടെയും മനസ്സിലുണ്ടാകണം. മറ്റു രാജ്യങ്ങളിൽനിന്നു ഗുണമേൻമയുള്ള ഉത്പന്നങ്ങൾ ആഗോളമാർക്കറ്റിൽ വരുമ്പോൾ ഗുണമേൻമ കുറവും വില കൂടുതലുമായ നമ്മുടെ ഉത്പന്നങ്ങൾ വാങ്ങാൻ ആരും ഉണ്ടാകുകയില്ല എന്നത് സ്വാഭാവികം. പല അന്താരാഷ്ട്ര കരാറുകളിലും ഒപ്പിട്ടിട്ടുള്ള ഇന്ത്യക്ക് മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങളുടെ കുത്തൊഴുക്കിനെ തടയുന്നതിനും പരിമിതികളുണ്ട് എന്നതും നമ്മൾ അറിയേണ്ടതുണ്ട്. ആ കരാറുകളിൽനിന്നു നമ്മൾ പിൻമാറിയാൽ മറ്റു രാജ്യങ്ങൾ നമ്മുടെ ഉത്പന്നങ്ങൾ ബഹിഷ്കരിക്കും എന്നതും വസ്തുതയാണ്. ചുരുക്ക

ത്തിൽ നമ്മൾ ആഗോള കമ്പോളത്തിൽ മൽസരിക്കാൻ പ്രാപ്തരാകണം എന്നർത്ഥം. ഇതെല്ലാം പ്രായോഗികമാകണമെങ്കിൽ തൊഴിലാളികൾ കൂടുതൽ കൂടുതൽ അറിവും കഴിവും നേടുകയും ആഗോള മാറ്റങ്ങൾക്കനുസരിച്ച് മാറാൻ തയ്യാറാകുകയും വേണം. അതുപോലെ മദ്യപാനം, മയക്കുമരുന്നുപയോഗം തുടങ്ങിയ ദുശ്ശീലങ്ങൾ ഉപേക്ഷിച്ച് സമ്പാദ്യശീലം വളർത്തുകയും വേണം.

15. തൊഴിലാളി ശുശ്രൂഷാരംഗത്ത് കരുണാപൂർവകമായ നേതൃത്വം നൽകാൻ പ്രതിജ്ഞാബദ്ധതയോടെ കൂടുതൽ സമർപ്പിതർ മുന്നോട്ട് വരുവാൻ ആഹ്വാനം ചെയ്യുന്നു. കരുണയുടെ ഈ മഹാജൂബിലിവർഷത്തിൽ നീതി നടപ്പാക്കുന്ന സാമൂഹിക ജീവിതവും തൊഴിൽസംസ്കാരവും പടുത്തുയർത്താൻ നമുക്ക് ശ്രമിക്കാം. അതിനായി നല്ലവനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിന്റെ അനുഗ്രഹവും, തൊഴിലാളിദിനത്തിന്റെ ആശംസകളും, പ്രാർത്ഥനകളും ഒരിക്കൽ കൂടി എല്ലാവർക്കും നേരുന്നു.

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി ലേബർ കമ്മീഷൻ
**ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി ലേബർ കമ്മീഷൻ
**ബിഷപ്പ് ഡോ. യൂഹാന്നോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെ.സി.ബി.സി ലേബർ കമ്മീഷൻ

---

NB: 2016 ഏപ്രിൽ 24-ാം തീയതി ഈ സർക്കുലർ കേരളത്തിലെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

## പ്രത്യേക ശ്രദ്ധയ്ക്ക്

കാരുണ്യവർഷത്തിന്റെ ഫ്ളാഗും പ്രാർത്ഥനാ കാർഡും പള്ളികളിലേക്കും സ്ഥാപനങ്ങളിലേക്കും ഇനിയും കൊണ്ടുപോകുവാനുള്ളവർ എത്രയും വേഗം രൂപതാഭവനത്തിൽ നിന്നും കൊണ്ടുപോകേണ്ടതാണ്. തെരട്ട് സമർപ്പിക്കുമ്പോൾ പ്രസ്തുത ചിലവിലേക്ക് 200 രൂപ പള്ളികളിൽനിന്നും രൂപതാഭവനത്തിൽ ഏൽപ്പിക്കേണ്ടതാണ്. സ്ഥാപനങ്ങളിലേക്ക് ആവശ്യമുള്ളവർക്ക് ഇതേ നിരക്കിൽ രൂപതാ കാര്യാലയത്തിൽ നിന്ന് ലഭിക്കുന്നതാണ്.

ഫിനാൻസ് ഓഫീസർ
**ഫാ. വർഗ്ഗീസ് അരിക്കാട്ട് (Jr.)**

Prot. No. 0263/2015

# മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ

2016 ജനുവരി 7 മുതൽ 12 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 24-ാമത് സിനഡിന്റെ പ്രഥമ സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരേ,

സാർവത്രികസഭയിൽ കരുണയുടെ ജൂബിലി വർഷം ഉദ്ഘാടനം ചെയ്യപ്പെടുകയും കരുണയുടെ വാതിൽ നമ്മുടെ കത്തീഡ്രലുകളിലും മറ്റു തെരഞ്ഞെടുക്കപ്പെട്ട ദേവാലയങ്ങളിലും തുറക്കപ്പെടുകയും ചെയ്തതിനു ശേഷമുള്ള സിനഡ് കഴിഞ്ഞ ജനുവരിയിൽ കൂടുകയുണ്ടായി. കാരുണ്യവാനായ പിതാവിന്റെ സാക്ഷികളായി ഇന്നത്തെ കാലഘട്ടത്തിൽ പ്രവർത്തിക്കുവാനും കാരുണ്യം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അനുഭവിക്കുവാനും നമുക്ക് ആവണം. കാരുണ്യ പ്രവർത്തനം സഭയുടെ സാമൂഹ്യപ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല. വ്യക്തിപരമായ അനുഭവത്തിൽ നിന്ന് അത് ഒരു ജീവിതസാക്ഷ്യമായിമാറണം. എല്ലാവർക്കുമായി എല്ലായ്പ്പോഴും നീതിയുടേയും അനുരഞ്ജനത്തിന്റേയും വഴികൾ തുറക്കപ്പെടണം. ഇങ്ങനെയുള്ള കാരുണ്യപ്രവർത്തനങ്ങൾ സഭയിലെ എല്ലാവിഭാഗങ്ങളുടേയും പങ്കാളിത്തത്തോടെ സംഘടിപ്പിക്കുവാൻ നമുക്ക് കഴിയണം. വേദപാഠ ക്ലാസ്സുകളിൽ നാം പഠിച്ച 14 മനോഗുണ പ്രവൃത്തികൾ (ശാരീരികങ്ങളും, ആദ്ധ്യാത്മികങ്ങളും) അനുവർത്തിക്കുവാനുള്ള അവസരമാണ് കരുണയുടെ വർഷം. കരുണയുടെ വർഷത്തിലെ നോമ്പുകാലം ജീവിതപരിവർത്തനത്തിന്റെ കാലമായി മാറ്റാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ ആഹ്വാനം ചെയ്യുകയുണ്ടായി. അതിനായി 'കർത്താവിനായി 24 മണിക്കൂർ' തുടർച്ചയായി എല്ലാ രൂപതകളും പ്രാർത്ഥനയിൽ ചെലവഴിക്കുവാൻ ആവശ്യപ്പെടുന്നുണ്ട്. നോമ്പുകാലത്തു നടത്തേണ്ട അനുതാപ ശുശ്രൂഷയേയും ആണ്ടു കുമ്പസാരത്തേയുമാണ് ഇത് സൂചിപ്പിക്കുന്നത്. ഈ ജൂബിലി വർഷത്തിൽ കരുണയുടെ വാതിൽ തുറന്നിടുന്ന കത്തീഡ്രലുകളിലും അതിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന ദേവാലയങ്ങളിലും തീർത്ഥാടനം നടത്തി പൂർണ്ണ ദണ്ഡവിമോചനം നേടുവാനും ഏവരും ശ്രമിക്കുമല്ലോ.

റോമിൽ നടന്ന കുടുംബജീവിതത്തെപറ്റിയുള്ള മെത്രാൻമാരുടെ സിനഡിന്റെ വെളിച്ചത്തിൽ ആധുനികകാലത്തെ വെല്ലുവിളികളെ നേരിടാൻ നമ്മുടെ കുടുംബങ്ങളെ പ്രാപ്തമാക്കേണ്ടതാണ് എന്ന് സിനഡ് അഭിപ്രായപ്പെട്ടു. കുടുംബബന്ധങ്ങളിൽ ഉണ്ടാകുന്ന തകർച്ചകളുടെ കാരണങ്ങളും പരിഹാരങ്ങളും അജപാലന തലങ്ങളിൽ വിശകലനം ചെയ്യണ്ടേതുണ്ട്. കുടുംബങ്ങളിലെ പുതിയ വെല്ലുവിളികളെ അതിജീവിക്കുവാൻ കുടുംബജിവിതക്കാർക്കു പരിശീലനം നല്കാൻ വൈദികരും സന്യസ്തരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിവാഹത്തിനു മുമ്പും അതിനുശേഷവും സഭ നല്കുന്ന പരിശീലന പരിപാടികൾ കുടുംബാംഗങ്ങളുടെ ആത്മീയവും ധാർമ്മികവുമായ വളർച്ചയെ വലിയ തോതിൽ സ്വാധീനിക്കുന്നുണ്ട്. കുടുംബങ്ങളിലെ പ്രായമായവരെ ബഹുമാനിക്കാനും അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം ശ്രദ്ധിക്കുവാനും കുടുംബാംഗങ്ങൾ പരിശ്രമിക്കണം. കാരുണ്യവർഷത്തിൽ കുടുംബജീവിതക്കാർക്കുള്ള മാർപ്പാപ്പയുടെ പ്രത്യേക പരിഗണനയാണ് വിവാഹകോടതികളുടെ പ്രവർത്തനത്തിലുള്ള ലളിതവത്ക്കരണം. സിനഡ് ഈ വിഷയം ചർച്ച ചെയ്യുകയും ഇത്തരം നിയമനടപടികളിലുള്ള ഭേദഗതികൾ കാര്യങ്ങൾ ത്വരിതപ്പെടുത്തുവാൻ സഹായിക്കുമെന്ന് വിലയിരുത്തുകയും ചെയ്തു. അതേ സമയം വിവാഹ ജീവിതത്തിന്റെ കൂദാശാപരവും ദൈവികവുമായ സവിശേഷതകളിൽ അല്പം പോലും പ്രാധാന്യം കുറച്ചു കാണാൻ ഈ നടപടികൾ കൊണ്ട് ഉദ്ദേശിക്കുന്നില്ല എന്നു വ്യക്തമാക്കുകയും ചെയ്തു.

നമ്മുടെ ജനങ്ങളുടെ കാർഷികപ്രശ്നങ്ങളും വിദ്യാഭ്യാസ മേഖലയിൽ നിലനില്ക്കുന്ന അനിശ്ചിതത്വവും സിനഡ് പിതാക്കൻമാർ ഉത്ക്കണ്ഠയോടെയാണ് അവലോകനം ചെയ്തത്. റബർ,ഏലം,നെല്ല് ഉൽപ്പാദകർ, ക്ഷീരകർഷകർ എന്നിവരുടെ പ്രശ്നങ്ങളിൽ അനുഭാവപൂർണ നിലപാടെടുക്കുവാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അനന്തര ഫലങ്ങളും പരിസ്ഥിതിലോലപ്രദേശങ്ങൾ സംബന്ധിച്ചുള്ള പ്രശ്നങ്ങളും സഭാപിതാക്കന്മാർ സശ്രദ്ധം ചർച്ച ചെയ്യുകയുണ്ടായി. കാർഷിക വിദ്യാഭ്യാസമേഖലകളുടെ ക്ഷേമത്തിനായി സർക്കാരുകൾ നല്കിയിട്ടുള്ള വാഗ്ദാനങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

കേരളത്തിലെ മദ്യനയത്തിലുണ്ടാകുന്ന ഗുണകരമായ മാറ്റം ശ്ലാഘനീയമാണ്. ഇതുപോലുള്ള സാമൂഹ്യപ്രശ്നങ്ങളിൽ ജനമുന്നേറ്റം ഉറപ്പുവരുത്തുവാനും കൂടുതൽ അവബോധം ജനങ്ങളിൽ സൃഷ്ടി

ക്കുവാനും കത്തോലിക്കാ കോൺഗ്രസിനു സാധിക്കും. ഈ സംഘടനയക്ക് സർവ്വവിധ സഹായ സഹകരണങ്ങൾ നല്കുവാൻ ഏവരും ശ്രമിക്കുമല്ലോ.

നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നതിൽ സന്തുഷ്ടിയുണ്ട്. അതിനായുള്ള ASSM ഫണ്ട് സ്വരൂപിക്കുന്നതിന് നിങ്ങൾ കാണിക്കുന്ന താൽപര്യത്തിനും ഉദാരമായ സംഭാവനകൾക്കും ഈയവസരത്തിൽ നന്ദിപറയുന്നു. ഇന്ത്യയിലെ പ്രവാസികളുടെ അജപാലന ശുശ്രൂഷക്കായി വന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ നേതൃത്വത്തിൽ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുതായി നിങ്ങൾക്ക് അറിയാമല്ലോ. അതിനായി നാഗ്പൂർ കേന്ദ്രമാക്കി ഒരു ഓഫീസ് പ്രവർത്തിക്കുന്ന കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു. പ്രവാസി മക്കൾക്കുള്ള വിസിറ്റേറ്ററിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായസഹകരണങ്ങളും നല്കണമെന്ന് ഈയവസരത്തിൽ ഓർമ്മിപ്പിക്കുന്നു. സഭയിലെ പ്രവാസികളുടെ അജപാലന ശുശ്രൂഷയിൽ കൂടുതൽ കാര്യക്ഷമതയും സഭാത്മകപങ്കാളിത്തവും ഉറപ്പു വരുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈയിടെ കാനഡയിൽ എക്സാർക്കേറ്റ് ഉണ്ടായതിലൂടെയും മണ്ഡ്യാ രൂപതയുടെ അതിർത്തികൾ വ്യാപിച്ചതിലൂടെയും ഇക്കാര്യത്തിൽ ക്രിയാത്മകമായ വളർച്ച കൈവരിക്കുവാൻ നമുക്കു സാധിച്ചു. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ വിലയിരുത്തുവാനും പുതിയ പ്രേഷിതപ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിക്കുവാനുമായി കേരളത്തിൽ ദക്ഷിണമേഖലയിലും (വടവാതൂർ) മദ്ധ്യമേഖലയിലും (കാക്കനാട്) ഉത്തരമേഖലയിലും (തലശ്ശേരി) മിഷൻ സെമിനാറുകൾ നടത്തുവാൻ സിനഡു തീരുമാനിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലെ നമ്മുടെ വിശ്വാസികൾക്കുള്ള അജപാലന ശുശ്രൂഷകൾ കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. എന്റെ അബുദാബി സന്ദർശനത്തിന്റെയും സിനഡു കുവൈറ്റിലേക്കു നിയോഗിച്ച ഡെലഗേഷന്റെയും റിപ്പോർട്ട് ഈ സിനഡിൽ അവതരിപ്പിക്കുകയുണ്ടായി.

പരമ്പരാഗതമായി നമ്മുടെ പൂർവ്വപിതാക്കന്മാരിൽ നിന്നു നമുക്കു ലഭിച്ചിട്ടുള്ള വിശ്വാസത്തിന്റെ ആഘോഷമാണ് ആരാധനക്രമം. നമ്മുടെ കുർബാനക്രമം കാലോചിതമായി പരിഷ്കരിക്കുവാനുള്ള ശ്രമത്തിലാണ് സഭാ സിനഡ്. നമ്മുടെ സഭയുടെ തനതായ ദൈവശാസ്ത്ര പാരമ്പര്യങ്ങളുടെയും ആദ്ധ്യാത്മികതയുടെയും ഭരണനിയമ സംവി

ധാനങ്ങളുടെയും പശ്ചാത്തലത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്യുന്ന രീതിയിൽ ഈ നവീകരണ പ്രക്രിയ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ആരാധനക്രമത്തിന്റെ മൂല ഭാഷയിലുള്ള പ്രാർത്ഥനകളുടെ പൂർണ്ണരൂപം സംരക്ഷിക്കപ്പെടേണ്ടത് ഗദ്യരൂപത്തിലായതിനാൽ അതിന്റെ സംഗീതാത്മകത (chanting) പ്രധാനപ്പെട്ടതാണ്. ഇക്കാര്യത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ചില ഈണങ്ങൾ സിനഡിൽ അവതരിപ്പിക്കുകയുണ്ടായി. കുട്ടികളുടെ ആഘോഷപൂർവമായ കുർബ്ബാന സ്വീകരണത്തിനും ആദ്യകുമ്പസാരത്തിനും പരിശീലനം നല്കുന്നതിനുള്ള പുസ്തകത്തിന് സിനഡ് അംഗീകാരം നല്കി. നമ്മുടെ എല്ലാ ഇടവകകളിലും കുട്ടികളുടെ പരിശീലനത്തിന് ഈ പുസ്തകം സ്വീകരിക്കുമല്ലോ. ഈ വർഷം ആഗസ്റ്റ് മാസം നടക്കുന്ന സീറോ മലബാർ അസംബ്ലിയുടെ വിശദാംശങ്ങൾ സിനഡിൽ അവതരിപ്പിച്ചു. അതിനായുള്ള മാർഗരേഖ (Lineamenta) സിനഡ് അംഗീകരിക്കുകയുണ്ടായി. അസംബ്ലിയുടെ മുഖ്യവിഷയം "ആധുനിക ലോകത്തിലെ വെല്ലുവിളികളും സഭയുടെ പ്രത്യുത്തരവും-ജീവിതത്തിലെ ലാളിത്യം, കുടുംബത്തിലെ സാക്ഷ്യം, പ്രവാസികളുടെ ദൗത്യം" എന്നതാണ്. നമ്മുടെ സഭയുടെ എല്ലാ രൂപതകളിലും ഈ രേഖ പഠിക്കുകയും ചർച്ചചെയ്യുകയും ചെയ്യുമല്ലോ. നമ്മുടെ സഭ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിന്റെ രജതജൂബിലിയാഘോഷത്തിന്റെ ഉദ്ഘാടനവും ഈ അസംബ്ലിയുടെ അവസരത്തിൽ നടത്തുന്നതാണ്.

വളരെ ഫലപ്രദവും സജീവവുമായ ചിന്തകൾക്കും ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം ജനുവരി 12-ാം തീയതി വൈകുന്നേരം ആറു മണിയോടെ സിനഡ് സമാപിച്ചു. സിനഡിന്റെ എല്ലാ പ്രവർത്തനങ്ങളും നമ്മുടെ സഭയുടെ വളർച്ചയ്ക്കും നന്മയ്ക്കും ഉപകരിക്കുന്നതിന് നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ജോർജ് കാർഡിനൽ ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

N.B: ഈ വിജ്ഞാപനം ഉചിതമായ മാർഗങ്ങളിലൂടെ അതതു രൂപത/അതിരൂപതകളിലെ വൈദികരുടേയും സന്യസ്ഥരുടേയും അത്മായ സഹോദരങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

# Annual Retreat - 2016

## I[st] Batch June 6-10

1 Rev. Fr. Andrews Chethalan
2 Rev. Fr. Andrews Maliekal
3 Rev. Fr. Anto Chungath
4 Rev. Fr. Anto G.Alappatt
5 Rev. Fr. Anto Karippai
6 Rev. Fr. Antony Chittilappilly
7 Rev. Fr. Antony Manjaly
8 V. Rev. Fr. Antony Mukkattukarakaran
9 V. Rev. Fr. Antu Alappadan
10 Rev. Fr. Benny Arimbully
11 Rev. Fr. Colin Attokaran
12 Rev. Fr. Cyriac Ambooken
13 Rev. Fr. Daison Kavalakkat
14 Rev. Fr. Davis Ambookan
15 Rev. Fr. Davis Chenginiyadan
16 Rev. Fr. Davis Kizhakumthala
17 Rev. Fr. Davis Koottala
18 Rev. Fr. Davis Maliekal
19 Rev. Fr. Davis Thattil
20 Rev. Fr. Dinto Plackal
21 Rev. Fr. Feby Pulikan
22 Rev. Fr. George Palamattam
23 Rev. Fr. Gilson Payyappilly
24 Rev. Fr. Ignatius Chittilappilly
25 Rev. Fr. Ignatius Chungath
26 Rev. Fr. Jaison Parekkatt
27 Rev. Fr. James Athiyunthan
28 Rev. Fr. James Pallipatt
29 Rev. Fr. Jinoj Kolenchery
30 V. Rev. Fr. John Kavalakkat(Jr.)
31 Rev. Fr. John Paul Iyyanam
32 Rev. Fr. John Thekkethala
33 Rev. Fr. John Vazhappilly
34 V. Rev. Fr. Johnson Manadan
35 Rev. Fr. Johny Menachery
36 Rev. Fr. Jojo Kuttikadan
37 Rev. Fr. Joju Kokkatt
38 Rev. Fr. Jolly Vadakkan
39 Rev. Fr. Jose Arikkat
40 Rev. Msgr. Jose Irimpan
41 Rev. Fr. Jose Kanamkudam
42 Rev. Fr. Jose Maliekal
43 Rev. Fr. Jose Maniparambil
44 Rev. Fr. Jose Panthallookaran
45 Rev. Fr. Joseph Cheruvathur
46 Rev. Msgr. Joseph Kavalakkat
47 Rev. Fr. Joseph Palathingal
48 Rev. Fr. Joseph Savio Payyapilly
49 Rev. Fr. Joshy Kallely
50 Rev. Fr. Joshy Paliekara
51 Rev. Fr. Joy Paliekara
52 Rev. Fr. Joy Pereppadan
53 Rev. Fr. Kins Elamkunnapuzha
54 Rev. Fr. Lijo Chittilappilly
55 Rev. Fr. Lijo Kongoth
56 Rev. Fr. Linto Thaliyanayath
57 Rev. Fr. Nixon Chakorya
58 Rev. Fr. Nougin Vithayathil
59 Rev. Fr. Paul Mangalan
60 Rev. Fr. Paul.A.Ambooken
61 Rev. Fr. Pauly Kannukadan
62 Rev. Fr. Pauly Pudussery
63 Rev. Fr. Renil Karathra
64 Rev. Fr. Riju Pynadath
65 Rev. Fr. Rinto Thekkineth
66 Rev. Fr. Roy Panikulangara
67 Rev. Fr. Saji Ponminissery
68 Rev. Fr. Sanesh Thekkethala
69 Rev. Msgr. Sebastian Maliekal
70 Rev. Fr. Sebastian Valiyaveettil
71 Rev. Fr. Sebastian Vazhappilly
72 Rev. Fr. Seby Kanjilassery

73 Rev. Fr. Shabu Puthoor
74 Rev. Fr. Sherans Elamthuruthy
75 Rev. Fr. Sibin Kottackal
76 Rev. Fr. Siju Komban
77 Rev. Fr. Sinto Alappat
78 Rev. Fr. Sinto Chittilappilly
79 Rev. Msgr. Stephen Chirappanath
80 V. Rev. Fr. Thomas Alukka
81 V. Rev. Fr. Thomas Koottala
82 Rev. Fr. Tinto Njarekkadan
83 V. Rev. Fr. Varghese Aricatt (Jr.)
84 Rev. Fr. Varghese Arikkatt (Sr.)
85 Rev. Fr. Varghese O Vazhappilly
86 V. Rev. Fr.Varghese Pereppadan
87 V. Rev. Fr.Vincent Alappatt
88 Rev. Fr. Vineesh Vattoly
89 Rev. Fr. Wilson Eluvathingal Koonan

## II[nd] Batch June 13-17

1 Rev. Fr. Aji Chungath
2 Rev. Fr. Ajith Cheriakara
3 Rev. Fr. Anil Puthussery
4 Rev. Fr. Anto Parassery
5 Rev. Fr. Anto Vattoly
6 Rev. Fr. Antony Pudussery
7 Rev. Fr. Antony Pullokaran
8 Rev. Fr. Arun Chakkalackal
9 Rev. Fr. Arun Thekkineth
10 Rev. Fr. Bency Cheenan
11 Rev. Fr. Benjamin Chirayath
12 Rev. Fr. Benny Karimalikal
13 Rev. Fr. Binoy Kozhippatt
14 Rev. Fr. Binoy Nereparambil
15 Rev. Fr. Binoy Pozholiparambil
16 Rev. Fr. Bivin Kalambadan
17 Rev. Fr. Davis Kalapurackal
18 Rev. Fr. Denson Nereparambil
19 Rev. Fr. Francis Kavil
20 Rev. Fr. Francis Kodiyan
21 Rev. Fr. Franco Parappully
22 Rev. Fr. Franson Thanadan
23 Rev. Fr. Freejo Parackal
24 Rev. Fr. George Kalan
25 Rev. Fr. George Maliekal
26 Rev. Fr. Jaison Vadakkumchery
27 Rev. Fr. James Kavalakkatt
28 Rev. Fr. Jinto Verampilavil
29 Rev. Fr. Jinu Vennattuparambil
30 Rev. Fr. Jobby Pozholiparambil
31 Rev. Fr. Joby Menoth
32 Rev. Fr. John Edattukaran
33 Rev. Fr. John Kavalakatt (Sr.)
34 Rev. Fr. Johnson G.Alappatt
35 Rev. Fr. Johny Kunnathuparambil
36 Rev. Fr. Joji Palamattath
37 Rev. Fr. Jojo Thoduparambil
38 Rev. Fr. Joemon Koonan
39 Rev. Fr. Jose A. Chittilappilly
40 Rev. Fr. Jose Ambooken
41 Rev. Fr. Jose Pulluparambil
42 Rev. Fr. Jose U.Vazhappilly
43 Rev. Fr. Jose Vithamattil
44 Rev. Fr. Joseph Gopuram
45 Rev. Fr. Joseph Kanamkudam
46 Rev. Fr. Joseph Maliekal
47 Rev. Fr. Joseph Sunny Mandakath
48 Rev. Fr. Joy Nellissery
49 Rev. Fr. Joy Puthenveettil
50 Rev. Fr. Joy Tharackal
51 Rev. Fr. Justin Vazhappilly
52 Rev. Fr. Kiran Thattla
53 Rev. Fr. Liju Kalaparambath
54 Rev. Fr. Lindo Kuttikadan
55 Rev. Fr. Linto Panamkulam
56 Rev. Fr. Manoj Mekkadath

57 Rev. Fr. Mefin Thekkekara
58 Rev. Fr. Milton Thattil Kuruvila
59 Rev. Fr. Naveen Ukken
60 Rev. Fr. Nevin Attokaran
61 Rev. Fr. Paul C. Ambookan
62 V.Rev.Fr. Paul Elamkunnapuzha
63 Rev. Fr. Pauly Padayatty
64 V.Rev.Fr. Pius Chirappanath
65 Rev. Fr. Plogen Kannampuzha
66 Rev. Fr. Rapheal Puthenveettil
67 Rev. Fr. Rapheal Ambadan
68 Rev. Fr. Rijo Alappatt
69 Rev. Fr. Rejoy Pazhayattil
70 Rev. Fr. Sabu Payyappilly
71 Rev. Fr. Saji Valiyaveettil
72 V.Rev.Fr. Sebastian Ezhekadan
73 Rev. Fr. Sebastian Panjikaran
74 Rev. Fr. Sebin Edattukaran
75 Rev. Fr. Seejo Irimpan
76 Rev. Fr. Seemon Kanjithara
77 Rev. Fr. Shaju Peter Kachappilly
78 Rev. Fr. Sojo Kannampuzha
79 Rev. Fr. Subish Vattaparamban
80 Rev. Fr. Thomas Nattekadan
81 Rev. Fr. Tijo Alappatt
82 Rev. Fr. Tino Mechery
83 Rev. Fr. Varghese Konthuruthy
84 Rev. Fr. Varghese Palathingal
85 V.Rev.Fr. Varghese Thettayil
86 Rev. Fr. Varghese Vadakkepeedika
87 Rev. Fr. Vincent Chembakssery
88 Rev. Fr. Wilson Erathra

## III$^{rd}$ Batch June 27-July 1

1 Rev. Fr. Alex Kallely
2 Rev. Fr. Anish Pellissery
3 Rev. Fr. Anoop Kolamkanny
4 Rev. Fr. Anto Panadan
5 Rev. Fr. Anto Parekkadan
6 Rev. Msgr. Anto Thachil
7 Rev. Fr. Antony Parambath
8 Rev. Fr. Antony Thekkineth
9 Rev. Fr. Benny Cheruvathur
10 Rev. Fr. Binoj Thekkekara
11 V. Rev. Fr. Clement Chirayath
12 Rev. Fr. Davis Kallingal
13 Rev. Fr. Davis Kudiyirikal
14 Rev. Fr. Ebin Payyappilly
15 Rev. Fr. Francis Chirayath
16 Rev. Fr. George Chiramel
17 Rev. Fr. George Kandamkulathy
18 Rev. Fr. George Mangalan
19 Rev. Fr. George Pareman
20 Rev. Fr. George Vezhaparambil
21 Rev. Fr. Jaison Karippai
22 Rev. Fr. Jaison Kudiyirickal
23 Rev. Fr. Jaju Elamkunnapuzha
24 Rev. Fr. Jees Pakrath
25 Rev. Fr. Jeo Kaitharath
26 Rev. Fr. Jiji Kunnel
27 Rev. Fr. Jijo Chakkiath
28 Rev. Fr. Jijo Joseph Thundathil
29 Rev. Fr. Jijo Menoth
30 Rev. Fr. Jijo Vakaparambil
31 Rev. Fr. Jino Malakaran
32 Rev. Fr. Jophin Kappil
33 Rev. Fr. Johnson Tharayil
34 V. Rev. Fr. Joji Kallingal
35 Rev. Fr. Jomin Cheradai
36 Rev. Fr. Jomy Thottian
37 Rev. Fr. Jose Kavunkal
38 Rev. Fr. Jose Manjaly
39 Rev. Fr. Jose Palatty
40 Rev. Fr. Jose.K.Chittilappilly
41 Rev. Fr. Joseph Kizhakkumthala
42 Rev. Fr. Joseph Thekkethala

43 V. Rev. Fr. Joy Kadambatt
44 Rev. Fr. Joy Menoth
45 V. Rev. Fr. Lazar Kuttikadan
46 Rev. Fr. Leslin Cheruparambil
47 Rev. Fr. Lijo Karuthy
48 Rev. Fr. Liju Manjaprakaran
49 Rev. Fr. Liju Paul Parambath
50 Rev. Fr. Manoj Karippai
51 Rev. Fr. Melwin Pereppadan
52 Rev. Fr. Nijo John Pallai
53 Rev. Fr. Paul Cheruvathur
54 Rev. Fr. Raphael Moolan
55 Rev. Fr. Raphel Panjikaran
56 Rev. Fr. Rinto Kodiyan
57 Rev. Fr. Rinto Payyappilly
58 Rev. Fr. Robin Palatty
59 Rev. Fr. Roby Valappila
60 Rev. Fr. Rocky Vazhappilly
61 Rev. Fr. Sebastian Aricatt
62 Rev. Fr. Sebastian Nadavaramban
63 Rev. Fr. Seby Kolangara
64 Rev. Fr. Seby Koottalaparambil
65 Rev. Fr. Shaji Thekkekara
66 Rev. Fr. Shaju Chirayath
67 Rev. Fr. Shibu Nellissery
68 Rev. Fr. Sibu Kallaparambil
69 Rev. Fr. Sinto Madavana
70 Rev. Fr. Sinu Arimbuparambil
71 Rev. Fr. Sunny Kalambanamthadathil
72 Rev. Fr. Thomas D.Maliekal
73 Rev. Fr. Thomas Elamkunnapuzha
74 Rev. Fr. Thomas Kannampilly
75 Rev. Fr. Thomas Panjikaran
76 Rev. Fr. Thomas Puthussery
77 Rev. Fr. Thomas Velakanadan
78 Rev. Fr. Titus Kattuparambil
79 Rev. Fr. Tom Maliekal
80 Rev. Fr. Varghese Chalissery
81 Rev. Fr. Varghese Pathadan
82 Rev. Fr. Vincent Chalissery
83 V. Rev. Fr. Vincent Parayil
84 Rev. Fr. Wilson Mookanamparambil
85 Rev. Fr. Wilson Pereppadan

# ആദരാഞ്ജലികൾ

## സി. ജൂലിയാന CSC

മരണം 26. 02. 2016



എറണാകുളം - അങ്കമാലി അതിരൂപത ചേർത്തല തങ്കിപള്ളി ഇടവകയിൽ അന്ത്രപ്പേർ മാളിയേക്കൽ ജോബ് - അന്നമ്മ ദമ്പതികളുടെ നാലാമത്തെ മകളായി റോസ (ബഹു. സി. ജൂലിയാന) 1923 ആഗസ്റ്റ് 17-ാം തിയ്യതി ജനിച്ചു. 1950 ജനുവരി 09-ാം തിയ്യതി ആദ്യ വ്രതാർപ്പണവും 1968 മെയ് 4ന് നിത്യവ്രതാർപ്പണവും 2000ൽ സുവർണ്ണ ജൂബിലി ആഘോഷിക്കുകയും ചെയ്തു. പടിഞ്ഞാറെ ചാലക്കുടി ചാരിറ്റി മഠാംഗമായിരിക്കെ രോഗത്തിന്റെയും പ്രായത്തിന്റെയും ക്ലേശങ്ങൾ ശാന്തമായി സഹിച്ച് അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് 2016 ഫെബ്രുവരി 26ന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

## വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

രൂപതാ പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള സമയ പരിധി നീട്ടിയിരിക്കുന്നു. പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇടവകകളിൽനിന്നും ഫൊറോനകളിൽനിന്നും തെരഞ്ഞെടുപ്പ് നടത്തിയശേഷം രൂപതാഭവനത്തിൽ പുതിയ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റ് എത്തിക്കേണ്ട സമയ ക്രമങ്ങൾ ശ്രദ്ധിക്കുമല്ലോ.

1 ഇടവക പ്രതിനിധികളുടെ പേരുവിവരം വികാരിമാർ ഫൊറോന വികാരിമാർക്ക് **2016 മെയ് 31–ാം** തിയ്യതിക്കു മുമ്പ് അയച്ച് കൊടുക്കണം

2 **2016 ജൂൺ 10–ാം** തിയ്യതിക്കുമുമ്പ് തെരഞ്ഞെടുക്കപ്പെട്ട ഇടവക പ്രതിനിധികൾ ഫൊറോനയിൽ യോഗം ചേർന്ന് ഫൊറോന കൗൺസിൽ രൂപീകരിച്ച് രൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് ഇടവകയ്ക്ക് ഒരു പ്രതിനിധി എന്ന നിലയിൽ തെരഞ്ഞെടുപ്പ് നടത്തണം.

3 **2016 ജൂൺ 15–ാം** തിയ്യതിക്കുമുമ്പ് തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരം പൂർണ്ണവിലാസത്തോടും ഫോൺനമ്പറോടും കൂടെ ഫൊറോന വികാരിമാർ രൂപതാകേന്ദ്രത്തിലും ഇടവകകളിലും അറിയിക്കണം. തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് 2016 ജൂലൈ ലക്കം രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

4 പുതിയ പാസ്റ്ററൽ കൗൺസിലിന്റെ ആദ്യസമ്മേളനം **2016 ജൂലൈ 9–ാം** തിയ്യതി രണ്ടാം ശനിയാഴ്ച കൂടുന്നതായിരിക്കും.

**മോൺ. ആന്റോ തച്ചിൽ**
വികാരി ജനറാൾ

## പാക്സ്

| | | | |
|---|---|---|---|
| April | 2, 9 | - | KRAMTH (2pm to 5pm) |
| ” | 11 - 30 | - | Junior Sisters Course 2016 |
| ” | 4, 5, 6 | - | Pre Cana |
| ” | 11, 12, 13 | - | Pre Cana |
| ” | 17 | - | Catholic Couples Movement |
| ” | 18, 19, 20 | - | Pre Cana |
| ” | 25, 26, 27 | - | Pre Cana |

**ഫാ. ജോജി കല്ലിങ്ങൽ**
ഡയറക്ടർ




**1 ജോസഫ് വിതയത്തിലച്ചൻ ധന്യ പദവിയിൽ**

ഹോളിഫാമിലി സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനായ വാഴ്ത്തപ്പെട്ട മറിയംത്രേസ്യയുടെ ആത്മീയ നിയന്താവായ ഇടവക വൈദികനുമായ ജോസഫ് വിതയത്തിലച്ചനെ ധന്യനായി പ്രഖ്യാപിച്ചതിന്റെ നന്ദിസൂചകമായി ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ കൃതജ്ഞതാബലി അർപ്പിക്കപ്പെട്ടു. ധന്യൻ ജോസഫ് വിതയത്തിലച്ചൻ വിശുദ്ധ സ്വർഗ്ഗത്തിന് ആനന്ദവും ഭൂമിക്ക് അനുഗ്രഹവും തിരുസഭയ്ക്ക് അഭിമാനവുമാണെന്ന് പ്രസംഗമദ്ധ്യേ മാർ പോളി കണ്ണൂക്കാടൻ പിതാവ് പറഞ്ഞു.

**2 കാരുണ്യത്തിന്റെ മനോഭാവം സഭയുടെ മുഖമാകണം : മാർ ജോർജ്ജ് ആലഞ്ചേരി**

കാരുണ്യമുള്ള മനോഭാവങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും നീതിയെ അതിന്റെ സമഗ്രതയിൽ ആവിഷ്ക്കരിക്കാൻ സാധിക്കണമെന്നു സീറോമലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി. എറണാകുളം മറൈൻ ഡ്രൈവ് ബൈബിൾ കൺവെൻഷനിൽ സമാപനസന്ദേശം നൽകുകയായിരുന്നു കർദ്ദിനാൾ. മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായസന്നദ്ധതയോടെ ഇടപെടുന്നതിലാണു കാരുണ്യപൂർണമായ നീതി അടങ്ങിയിട്ടുള്ളത്.

**3 മദർ തെരേസയെ സെപ്തംബർ 4ന് വിശുദ്ധയായി പ്രഖ്യാപിക്കും**

മിഷനറീസ് ഓഫ് ചാരിറ്റിയുടെ സ്ഥാപകയായ മദർ തെരേസയെ സെപ്തംബർ നാലിന് ഫ്രാൻസിസ് മാർപാപ്പ വിശുദ്ധ പദവിയിലേക്ക് ഔപചാരികമായി പ്രഖ്യാപിക്കും. മദർ തെരേസയ്ക്കു പുറമെ നാല് പേരെക്കൂടി വിശുദ്ധ ഗണത്തിലേക്ക് ഉയർത്തപ്പെടുന്നതിന്റെ തീയതി മാർപാപ്പ പ്രഖ്യാപിച്ചു. 1910ൽ അൽബേനിയയിൽ ജനിച്ച മദർ തെരേസ 1997 സെപ്തംബർ അഞ്ചിനാണ് ദിവംഗതയായത്. നാമകരണ നടപടികളുമായി ബന്ധപ്പെട്ട രണ്ടാമത്തെ അത്ഭുതം കഴിഞ്ഞ വർഷം ഡിസംബർ 17ന് മാർപാപ്പ അംഗീകരിച്ചിരുന്നു. ബ്രസീലിലെ സാന്റോസ് സ്വദേശിയായ

മെക്കാനിക്കൽ എൻജിനീയറുടെ തലച്ചോർ സംബന്ധമായ ഗുരുതര അസുഖം ഭേദപ്പെട്ടതാണ് വത്തിക്കാൻ അംഗീകരിച്ചത്.

**4 ധാരാളം പേരുടെ ദാരിദ്ര്യം കുറച്ചുപേരുടെ സൗഭാഗ്യമാക്ക രുത് : ഫ്രാൻസിസ് പാപ്പ**

ഉത്സവപ്രതീതി ഉണർത്തുന്ന മെക്സിക്കോയിലെ എക്കേത്തെ പേക്കിലെ ആഘോഷത്തിലും കർത്താവിന്റെ നിരവധിയായ നന്മ കൾ അനുസ്മരിക്കപ്പെടേണ്ടതാണെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. അനധികൃതമായി തൊഴിലിടങ്ങളിൽ നമ്മുടെ മക്കൾ ചൂഷണം ചെയ്യപ്പെടാൻ പാടില്ല. ധാരാളം പേരുടെ നിരാശയും ദാരിദ്ര്യവും കുറച്ചുപേരുടെ സൗഭാഗ്യമാക്കേണ്ടതില്ലെന്ന് പാപ്പ പറഞ്ഞു.

**5 പാപസങ്കീർത്തനത്തിനണയുന്ന പാപ്പാ**

ഡിസംബർ 8-ാം തിയ്യതി അമലോത്ഭവ തിരുനാൾ കാരുണ്യ ത്തിന്റെ ജൂബിലിവർഷം പാപ്പാ ഫ്രാൻസിസ് ഉദ്ഘാട നം ചെയ്ത ദിവസം മുതൽ വത്തിക്കാനിലെ കുമ്പസാര കൂടുകളി ലേക്ക് പാപസങ്കീർത്തനത്തിനായി വിശ്വാസികളുടെ ഒരു പ്രവാഹം തന്നെയുണ്ടെന്ന് കൺവെചൽ ഫ്രാൻസിസ്കൻ വൈദികനായ ഫാ. റീസോ വത്തിക്കാൻ റേഡിയോക്ക് നൽകിയ അഭിമുഖത്തിൽ പറഞ്ഞു. സാധാരണക്കാരനെപ്പോലെ കുമ്പസാര ക്കൂട്ടിലേക്ക് നടന്നുചെന്ന്, വ്യക്തിഗത പാപസങ്കീർത്തനം നടത്തുന്ന പാപ്പാ ഫ്രാൻസിസ് വിശ്വാസികൾക്ക് പ്രചോദനവും മാതൃകയുമാണെ ന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

**6 എപ്പിസ്കോപ്പൽ അസംബ്ലിയുടെ മാർഗ്ഗരേഖ പ്രകാശനം ചെയ്തു**

